കേരള സർക്കാർ

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് - ശമ്പളപരിഷ്കരണം 2019 - സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് - അസിസ്റ്റന്റ് ഇൻസ്ട്രക്ടർ ഇൻ ഷോർട്ട് ഹാൻഡ് , ഇൻസ്ട്രുമെന്റ് മെക്കാനിക് എന്നീ തസ്തികകൾ വകുപ്പിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

**ധനകാര്യ (അനോമലി റെക്ടിഫിക്കേഷൻ സെൽ) വകുപ്പ്**

**സ.ഉ.(കൈ) നം. 130/2024/(66)/ധന.** **തീയതി, തിരുവനന്തപുരം, 30/09/2024**

==========================================================

**പരാമർശം:-** 1) സ.ഉ.(അച്ചടി) നം. 27/2021/ധന. തീയതി 10.02.2021
2) സ.ഉ.(അ) നം. 503/2012/ഉ.വി.വ. തീയതി 12.10.2012
4) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 11.12.2023 തീയതിയിലെ ഇ.എ-2/5758/20/ഡി.ടി.ഇ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പളവും അലവൻസുകളും 01.07.2019 മുതൽ പരിഷ്കരിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. അതിൽ അസിസ്റ്റന്റ് ഇൻസ്ട്രക്ടർ ഇൻ ഷോർട്ട് ഹാൻഡ് (GPTC), അസിസ്റ്റന്റ് ഇൻസ്ട്രക്ടർ ഇൻ ഷോർട്ട് ഹാൻഡ് (WPTC), ഇൻസ്ട്രുമെന്റ് മെക്കാനിക് ഗ്രേഡ് I (WPTC), ഇൻസ്ട്രുമെന്റ് മെക്കാനിക് ഗ്രേഡ് I, ഇൻസ്ട്രുമെന്റ് മെക്കാനിക് ഗ്രേഡ് II എന്നീ തസ്തികകൾ യഥാക്രമം 37400-79000, 35600-75400, 39300-83000, 39300-83000, 35600-75400 എന്നീ ശമ്പളസ്കെയിലുകളിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പരാമർശം (2) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള കേരള ടെക്നിക്കൽ എഡ്യൂക്കേഷൻ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിൽ അസിസ്റ്റന്റ് ഇൻസ്ട്രക്ടർ ഇൻ ഷോർട്ട് ഹാൻഡ് എന്ന തസ്തികയും ഇൻസ്ട്രുമെന്റ് മെക്കാനിക് എന്ന തസ്തികയും മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത് . വനിതാ പോളിടെക്നിക്കുകളിലും, ജനറൽ പോളിടെക്നിക്കുകളിലും അസിസ്റ്റന്റ് ഇൻസ്ട്രക്ടർ ഇൻ ഷോർട്ട് ഹാൻഡ് തസ്തിക പ്രത്യേകം ആവശ്യമില്ല എന്നും ചെയ്യുന്ന ജോലിയും യോഗ്യതയും നിയമന രീതിയും ഒന്നു തന്നെയായതിനാൽ രണ്ടു ശമ്പള സ്കെയിലുകളിലുള്ള തസ്തികകൾക്ക് പകരം സ്പെഷ്യൽ റൂൾസിൽ നിലവിലുള്ളത് പ്രകാരം അസിസ്റ്റന്റ് ഇൻസ്ട്രക്ടർ ഇൻ ഷോർട്ട് ഹാൻഡ് എന്ന് തസ്തിക മാത്രം നിലനിർ

ത്തണമെന്നും ഇൻസ്ട്രമെന്റ് മെക്കാനിക്ക് തസ്തികയ്ക്ക് ട്രേഡ് ഇൻസ്ട്രക്ടർ ഗ്രേഡ് I തസ്തികയുടെ സമാന ശമ്പളസ്കെയിൽ അനുവദിക്കണമെന്നും ഭരണവകുപ്പ് പരാമർശം (3) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

2) സർക്കാർ ടി വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെപ്പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു:

(i) പതിനൊന്നാം ശമ്പളപരിഷ്കരണ ഉത്തരവിലെ സാങ്കതിക വിദ്യാഭ്യാസ വകുപ്പിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുന്ന അസിസ്റ്റന്റ് ഇൻസ്ട്രക്ടർ ഇൻ ഷോർട്ട് ഹാൻഡ് (GPTC), അസിസ്റ്റന്റ് ഇൻസ്ട്രക്ടർ ഇൻ ഷോർട്ട് ഹാൻഡ് (WPTC) എന്നീ തസ്തികകളെ നീക്കം ചെയ്തുകൊണ്ട് സ്പെഷ്യൽ റൂളിന് അനുസൃതമായി അസിസ്റ്റന്റ് ഇൻസ്ട്രക്ടർ ഇൻ ഷോർട്ട് ഹാൻഡ് എന്ന തസ്തിക 35600–75400 (25200–54000 PR) എന്ന ശമ്പളസ്കെയിലിൽ ഉൾ പ്പെടുത്തുന്നു. അസിസ്റ്റന്റ് ഇൻസ്ട്രക്ടർ ഇൻ ഷോർട്ട് ഹാൻഡ് (GPTC) തസ്തികയിൽ 37400–79000 ശമ്പളസ്കെയിലിൽ നിലവിൽ തുടരുന്ന ജീവനക്കാരെ ശമ്പളം സംരക്ഷിച്ചുകൊണ്ട് വാനിഷിംഗ് കാറ്റഗറിയായി തുടരാൻ അനുവദിക്കുന്നു.

(ii) പതിനൊന്നാം ശമ്പളപരിഷ്കരണ ഉത്തരവിലെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുന്ന ഇൻസ്ട്രമെന്റ് മെക്കാനിക് ഗ്രേഡ് I (WPTC), ഇൻസ്ട്രമെന്റ് മെക്കാനിക് ഗ്രേഡ് I, ഇൻസ്ട്രമെന്റ് മെക്കാനിക് ഗ്രേഡ് II എന്നീ തസ്തികകളെ നീക്കം ചെയ്തുകൊണ്ട് സ്പെഷ്യൽ റൂളിന് അനുസൃതമായി ഇൻസ്ട്രമെന്റ് മെക്കാനിക് എന്ന തസ്തിക 35600–75400 (25200–54000 PR) എന്ന ശമ്പളസ്കെയിലിൽ ഉൾപ്പെടുത്തുന്നു . ഇൻസ്ട്രമെന്റ് മെക്കാനിക് ഗ്രേഡ് I, ഇൻസ്ട്രമെന്റ് മെക്കാനിക് ഗ്രേഡ് I (WPTC) എന്നീ തസ്തികകളിൽ 39300–83000 ശമ്പളസ്കെയിലിൽ നിലവിൽ തുടരുന്ന ജീവനക്കാരെ ശമ്പളം സംരക്ഷിച്ചുകൊണ്ട് വാനിഷിംഗ് കാറ്റഗറിയായി തുടരാൻ അനുവദിക്കുന്നു.

3) പരാമർശം (1) ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം
**അഹമ്മദ് കബീർ. വൈ**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്:

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ (എൽ) വകുപ്പ്
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ചീഫ് പ്രോജക്ട് മാനേജർ, സ്പാർക്ക് പി.എം.യു
വെബ് & ന്യൂ മീഡിയ, വിവര-പൊതുജനസമ്പർക്ക വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (**E-2076264**)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ